# സൂഫിസം പ്രമാണങ്ങളുടെ വെളിച്ചത്തിൽ


## ശൈഖ് മുഹമ്മദ് ജമീൽ സൈനു

### വിവ. കബീർ എം. പറളി


# ഖസീദത്തുൽ ബുർദ

ജനങ്ങൾക്കിടയിൽ പ്രസിദ്ധി നേടിയ കൃതിയാണ് 'ഖസീദത്തുൽ ബുർദ'. വിശിഷ്യാ സൂഫികൾക്കിടയിലാണ് അതിന്റെ അമിതപ്രചാരം. അൽ ബൂസ്വൂരി എന്ന കവിയാണ് അതിന്റെ രചയിതാവ്. ബുർദയുടെ വരികളിലൂടെ സഞ്ചരിച്ചാൽ ഖുർആനിന്നും സുന്നത്തിന്നും വിരുദ്ധമായ നിരവധി ആശയങ്ങൾ അവയിൽ കാണാനാകും. ഒരു ഉദാഹരണം നോക്കുക:

يا أكرم الخلق ما لي من ألوذ به – سواك عند حلول الحادث العمم

"സൃഷ്ടികളിൽ ആദരണീയനായ മഹാത്മാവേ, ഭയാനകമായ സംഭവങ്ങൾ വന്നിറങ്ങുമ്പോൾ അങ്ങയോടല്ലാതെ മറ്റാരിലാണ് ഞാൻ അഭയം തേടുക!"

പ്രവാചകനോട് ഇസ്തിഗാസ നടത്തിക്കൊണ്ടുള്ള വരികളാണ് മേലെ നാം വായിച്ചത്. പൊതുവായ പ്രതിസന്ധികൾ ജീവിതത്തിലുണ്ടാകുമ്പോൾ അഭയം തേടാൻ റസൂലേ താങ്കളല്ലാതെ വേറെയാരുമില്ല എന്ന ഈ പ്രഖ്യാപനം ശിർക്കുൽ അക്ബറാണ്. പശ്ചാത്തപിച്ചിട്ടില്ല എങ്കിൽ ശാശ്വതമായി നരകത്തിലകപ്പെടുത്തുന്ന വരികളാണിത്. അല്ലാഹു പറയുന്നു:

وَلاَ تَدْعُ مِن دُونِ اللّهِ مَا لاَ يَنفَعُكَ وَلاَ يَضُرُّكَ فَإِن فَعَلْتَ فَإِنَّكَ إِذًا مِّنَ الظَّالِمِينَ (يونس:106)

''അല്ലാഹുവിന് പുറമെ നിനക്ക് ഉപകാരം ചെയ്യാത്തതും, നിനക്ക് ഉപദ്രവം ചെയ്യാത്തതുമായ യാതൊന്നിനോടും നീ പ്രാർത്ഥിക്കരുത്. നീ അപ്രകാരം ചെയ്യുന്ന പക്ഷം തീർച്ചയായും നീ അക്രമികളുടെ കൂട്ടത്തിലായിരിക്കും.'' (യൂനുസ്: 106)

അക്രമികളുടെ കൂട്ടത്തിൽ എന്നതു കൊണ്ടുള്ള വിവക്ഷ, മുശ്രിക്കുകളുടെ കൂട്ടത്തിൽ എന്നാണ്. ശിർക്കിനെ 'മഹാ അക്രമം' എന്നാണ് ഖുർആൻ (ലുഖ്മാൻ: 13) വിശേഷിപ്പിച്ചിട്ടുള്ളത്.

നബി(സ്വ) പറഞ്ഞു: ''അല്ലാഹു അല്ലാത്തവരോട് പ്രാർഥിച്ച് കൊണ്ട് മരണപ്പെടുന്നവൻ നരകത്തിൽ പ്രവേശിച്ചതു തന്നെ.'' (ബുഖാരി)

فإن من جودك الدنيا وضرتها – ومن علومك علم اللوح والقلم

'ഈ ദുനിയാവും അതിനെ തുടർന്നുള്ള പരലോകവും അങ്ങയുടെ ഔദാര്യമാണ്. ലൗഹുൽ മഹ്ഫൂളിന്റെയും ഖലമിന്റെയും അറിവ് താങ്കളുടെ ജ്ഞാനത്തിലുണ്ട്!'

അല്ലാഹു സുബ്ഹാനഹു വ തആല ഖുർആനിൽ പറഞ്ഞ വ്യക്തമായ പ്രസ്താവനയെ കളവാക്കുന്നതാണ് ഈ വരികൾ! അവൻ പറഞ്ഞു:

وَإِنَّ لَنَا لَلْآخِرَةَ وَالْأُولَى (الليل:13)

"തീർച്ചയായും നമുക്കുള്ളതാകുന്നു പരലോകവും ഇഹലോകവും." (ലൈൽ: 13)

പരലോകവും ഇഹലോകവും അല്ലാഹുവിൽ നിന്നുള്ളതാണ്. അത് അവന്റെ സൃഷ്ടികളാണ്. അവ പ്രവാചകന്റെ ഔദാര്യമോ തിരുമേനിയുടെ സൃഷ്ടിയൊ അല്ല. ലൗഹിൽ മഹ്ഫൂളിലുള്ളത് നബി(സ്വ)ക്ക് അറിഞ്ഞുകൂടാ. അല്ലാഹുവിനു മാത്രമേ അതിലെ സമ്പൂർണ്ണമായ അറിവുള്ളൂ. ദുനിയാവും ആഖിറവും റസൂലിന്റെ ഔദാര്യമാണെന്നും, അദ്ദേഹത്തിന് ലൗഹിൽ മഹ്ഫൂളിലുള്ള അദൃശ്യ ജ്ഞാനം അറിയുമെന്നുമുള്ള പ്രസ്താവനകൾ പ്രവാചകനെ അതിരുവിട്ടു പുകഴ്ത്തുന്നവയാണ്. അത്തരം പ്രവണതകളെ അല്ലാഹുവിന്റെ റസൂൽ(സ്വ) വിരോധിച്ചിട്ടുണ്ട്. തിരുമേനി(സ്വ) പറഞ്ഞു:

ഇബ്നു മർയമിനെ (ഈസാ നബിയെ) കൃസ്ത്യാനികൾ അമിതമായി പുകഴ്ത്തിയതു പോലെ നിങ്ങളെന്നെയും പുകഴ്ത്തരുത്. ഞാൻ ഒരു ദാസൻ മാത്രമാണ്. ആകയാൽ, (എന്നെപ്പറ്റി നിങ്ങൾ) അല്ലാഹുവിന്റെ ദാസനും അവന്റെ ദൂതനും എന്നേ പറയാവൂ.

ما سامني الدهر ضيماً واستجرت به – إلا ونلت جواراً منه لم يضم

‘കാലം എന്നെ ബുദ്ധിമുട്ടിക്കുമ്പോഴൊക്കെ ഞാൻ താങ്കളോട് സംരക്ഷണം തേടാറുണ്ട്. അങ്ങനെ അതിൽനിന്ന് എനിക്ക് സംരക്ഷണം ലഭിക്കുകയും ബുദ്ധിമുട്ടില്ലാതായിത്തീരുകയും ചെയ്തിട്ടുണ്ട്!’

രോഗമോ, പ്രയാസങ്ങളോ വന്നു ഭവിക്കുമ്പോൾ അതിൽനിന്ന് വിടുതൽ ലഭിക്കാൻ പ്രവാചകനോട് പ്രാർഥിക്കുന്നതോടെ ശമനം ലഭിക്കുകയായി എന്ന് പ്രഖ്യാപിക്കുന്ന ഈ വരികൾ എത്ര അപകടകാരിയാണെന്ന് ആലോചിച്ചു നോക്കുക! മഹാനായ ഇബ്റാഹീം നബി(അ) പടച്ച തമ്പുരാനെ പരിചയപ്പെടുത്തിക്കൊണ്ട് പറഞ്ഞത് ഖുർആനിൽ ഇപ്രകാരം കാണാം:

وَإِذَا مَرِضْتُ فَهُوَ يَشْفِينِ (الشعراء: 80)

‘‘എനിക്ക് രോഗം ബാധിച്ചാൽ അവനാണ് എന്നെ സുഖപ്പെടുത്തുന്നത്.’’ (ശുഅറാഅ്: 80)

വീണ്ടും വായിക്കുക:

وَإِن يَمْسَسْكَ اللّهُ بِضُرٍّ فَلاَ كَاشِفَ لَهُ إِلاَّ هُوَ (الأنعام: 17)

‘‘(നബിയേ), നിനക്ക് അല്ലാഹു വല്ല ദോഷവും വരുത്തിവെക്കുകയാ ണെങ്കിൽ അത് നീക്കം ചെയ്യുവാൻ അവനല്ലാതെ മറ്റാരുമില്ല.’’ (അൻആം: 17)

നബി(സ്വ) പറഞ്ഞു: ‘‘നീ ചോദിക്കുകയാണെങ്കിൽ അല്ലാഹുവിനോട് ചോദിക്കുക. നീ സഹായം തേടുകയാണെങ്കിൽ അല്ലാഹുവിനോട് സഹായം തേടുക.’’ (തിർമിദി. അദ്ദേഹം ഹസൻ സ്വഹീഹെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.)

فإن لي ذمة منه بتسميتي محمداً – وهو أوفى الخلق بالذمم

‘എനിക്ക് മുഹമ്മദ് എന്ന് പേരു വെക്കയാൽ അദ്ദേഹവു(നബിയു)മായി എനിക്കൊരു കരാറുണ്ട്. ഏറ്റവും നന്നായി കരാർ പാലിക്കുന്നവരാണ് അവിടുന്ന്.’

മുഹമ്മദ് എന്ന് പേരുള്ളതിനാൽ തന്നെ സ്വർഗത്തിൽ പ്രവേശിപ്പി ക്കാമെന്ന് നബി(സ്വ)യുമായി കരാറിലേർപ്പെട്ടിട്ടുണ്ടെന്ന് ജല്പിക്കുകയാണ് ഈ വരികളിലൂടെ ബൂസ്വൂരി! ഏത് ലോകത്തു നിന്നാണ് ബൂസ്വൂരിക്ക് ഈ കരാർ കിട്ടിയത്? മുഹമ്മദ് എന്ന് പേരുള്ളവർ തെമ്മാടികളിലും, ദൈവനിഷേധികളിലും ധാരാളമുണ്ട്. അവരുടെ യൊക്കെ പേരുകൾ മുഹമ്മദ് എന്നായതിനാൽ അക്കൂട്ടർക്കും സ്വർഗപ്രവേശം സാധ്യമാകുമൊ? മഹാനായ പ്രവാചകൻ(സ്വ) തന്റെ കരൾക്കഷ്ണമായ ഫാത്വിമ(റ)യെ വിളിച്ചു കൊണ്ട് പറഞ്ഞത്: നീ എന്റെ ധനത്തിൽ നിന്ന് ആവശ്യമുള്ളത് ചോദിച്ചോളൂ. എന്നാൽ അല്ലാഹുവിൽ നിന്ന് നിനക്കൊന്നും നേടിത്തരാൻ എനിക്കാവില്ല. (ബുഖാരി) എന്നാണ്. എന്നിട്ടും ബൂസ്വൂരി പറയന്നു; എന്റെ പേര് മുഹമ്മദായ തിനാൽ മുഹമ്മദ് നബി(സ്വ) തന്നെ സ്വർഗത്തിൽ പ്രവേശിപ്പിക്കുമെന്ന്!

لعل رحمة ربي حين يقسمها – تأتي على حسب العصيان في القسم

‘എന്റെ രക്ഷിതാവ് കാരുണ്യം വീതംവെച്ച് നൽകുമ്പോൾ എന്റെ അനുസരണക്കേടിന്റെ തോതനുസരിച്ചുള്ള വീതം എനിക്കും ലഭിച്ചേക്കും.’

അടിസ്ഥാനരഹിതമായ വാദമാണിത്. അല്ലാഹുവിന്റെ കാരുണ്യ വിതരണം മനുഷ്യന്റെ അനുസര ണക്കേടിന്റെ തോതനുസരിച്ചാ ണെങ്കിൽ, അവർ കൂടുതൽ അനുസരണക്കേടുകൾ പ്രവർത്തിക്കാ നല്ലെ ശ്രമിക്കേണ്ടത്?! എങ്കിലല്ലെ ദൈവകാരുണ്യം കൂടുതലനുഭവി ക്കാൻ അവനാകുകയുള്ളൂ?! ഒരൊറ്റ മുസ്‌ലിമും വിവേകിയും ഇത്തരമൊരു വാദം പ്രസ്താവിക്കുകയില്ല. അല്ലാഹുവിന്റെ ഖണ്ഡിത മായ പ്രഖ്യാപനത്തിന് വിരുദ്ധമാണ് ബൂസ്വൂരിയുടെ ഈ വരികൾ. അല്ലാഹു പറഞ്ഞു:

إِنَّ رَحْمَتَ اللّهِ قَرِيبٌ مِّنَ الْمُحْسِنِينَ (الأعراف: 56)

‘‘തീർച്ചയായും അല്ലാഹുവിന്റെ കാരുണ്യം സൽകർമ്മകാരികൾക്ക് സമീപസ്ഥമാകുന്നു.’’ (അഅ്റാഫ്: 56)

وَرَحْمَتِي وَسِعَتْ كُلَّ شَيْءٍ فَسَأَكْتُبُهَا لِلَّذِينَ يَتَّقُونَ وَيُؤْتُونَ الزَّكَاةَ وَالَّذِينَ هُم بِآيَاتِنَا يُؤْمِنُونَ (الأعراف: 156)

‘‘എന്റെ കാരുണ്യമാകട്ടെ സർവ്വ വസ്തുക്കളെയും ഉൾകൊള്ളു ന്നതായിരിക്കും. എന്നാൽ ധർമ്മനിഷ്ഠ പാലിക്കുകയും, സകാത്ത് നൽകുകയും, നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കു കയും ചെയ്യുന്ന വരായ ആളുകൾക്ക് (പ്രത്യേകമായി) ഞാൻ അത് രേഖപ്പെടുത്തുന്നതാണ്.’’ (അഅ്റാഫ്: 156)

وكيف تدعو إلى الدنيا ضرورة من – لولاه لم تخرج الدنيا من العدم

ഐഹികമായ നേട്ടങ്ങളിലേക്ക് അങ്ങ് എങ്ങിനെ ക്ഷണിക്കും; അങ്ങില്ലായിരുന്നുവെങ്കിൽ ഈ ലോകം ശൂന്യതയിൽ നിന്ന് ഉദ്ഭവിക്കുമായിരുന്നില്ലല്ലൊ?!

മുഹമ്മദ് നബി(സ്വ) ഇല്ലായിരുന്നുവെങ്കിൽ അല്ലാഹു ഈ ലോകത്തെ സൃഷ്ടിക്കുമായിരുന്നില്ല എന്നാണ് കവി പറയുന്നത്. ബൂസ്വൂരിയുടെ ഈ ജല്പനം പ്രമാണരഹിതമാണ്. ശുദ്ധ കളവാണിത്. അല്ലാഹു പറയുന്നത് കാണുക:

وَمَا خَلَقْتُ الْجِنَّ وَالْإِنسَ إِلَّا لِيَعْبُدُونِ (الذاريات: 56)

ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടി യല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല. (ദാരിയാത്ത്: 56)

പ്രവാചക ശ്രേഷ്ഠൻ മുഹമ്മദ് നബി(സ്വ) പോലും സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് അല്ലാഹുവിനെ ആരാധിക്കാൻ വേണ്ടിയാണ്. അതിലേക്ക് ക്ഷണിക്കാൻ വേണ്ടിയാണ് അദ്ദേഹം നബിയായി നിയോഗിക്കപ്പെട്ടതും. അദ്ദേഹത്തോടായി അല്ലാഹു പറഞ്ഞു:

وَاعْبُدْ رَبَّكَ حَتَّى يَأْتِيَكَ الْيَقِينُ (الحجر: 99)

ഉറപ്പായ കാര്യം (മരണം) നിനക്ക് വന്നെത്തുന്നത്വരെ നീ നിന്റെ രക്ഷിതാവിനെ ആരാധിക്കുകയും ചെയ്യുക. (ഹിജ്ർ: 99)

أقسمت بالقمر المنشقّ إنّ له – من قلبه نسبةً مبرورة القسم

പിളർത്തപ്പെട്ട ചന്ദ്രനെ പിടിച്ച് ഞാൻ ശക്തമായി സത്യം ചെയ്ത് പറയുന്നു; അതിന് (ചന്ദ്രന്) പ്രവാചക ഹൃദയത്തോട് സാദൃശ്യമുണ്ടെന്ന്!

ബൂസ്വൂരിയിവിടെ സത്യം ചെയ്യാനുപയോഗിക്കുന്നത് ചന്ദ്രനെയാണ്. അല്ലാഹുവിനെക്കൊണ്ടല്ലാതെ സത്യം ചെയ്ത് പറയരുതെന്ന ഇസ്‌ലാമിന്റെ കൽപനക്ക് വിരുദ്ധമാണ് അദ്ദേഹത്തിന്റെ മേൽ സൂചിത വരികൾ. നബി(സ്വ) പറഞ്ഞു: അല്ലാഹു അല്ലാത്ത മറ്റുള്ളവ കൊണ്ട് സത്യം ചെയ്തവൻ ശിർക്ക് ചെയ്തു. (അഹ്മദ്, സ്വഹീഹായത്)

لو ناسبتْ قدرَه آياتُه عِظماً – أحيا اسمه حين يُدعى دارسَ الرِّممِ

തിരുമേനിയുടെ അതിമഹത്തായ ദിവ്യാത്ഭുത ദൃഷ്ടാന്തങ്ങൾ (മുഅ്ജിസത്തുകൾ) അവിടുത്തെ പദവിക്ക് തുല്യമായിരുന്നുവെങ്കിൽ, ദ്രവിച്ച അസ്ഥിയെ അവിടുത്തെ പേര് ചേർത്ത് വിളിച്ചാൽ അതിന് ജീവൻ വെച്ചേനെ!

നബി തങ്ങളുടെ മഹത്വത്തിനിണങ്ങിയ മുഅ്ജിസത്തുകൾ അല്ലാഹു അദ്ദേഹത്തിന് നൽകിയിരുന്നുവെങ്കിൽ, ഉണങ്ങി ദ്രവിച്ച എല്ലിൻ കഷ്ണങ്ങൾ പ്രവാചകന്റെ പേര് കേൾക്കുന്ന മാത്രയിൽ ജീവൻ വെച്ചുണരുമായിരുന്നൂ എന്നാണ് ബൂസ്വൂരി ജല്പിക്കുന്നത്! എന്തുകൊണ്ടാണ് പിന്നെ അങ്ങിനെ സംഭവിക്കാതിരുന്നത് എന്നതിന് ബൂസ്വൂരി പറയുന്ന ന്യായം, നബി തിരുമേനിയുടെ പദവിക്ക് തുല്യമായ മുഅ്ജിസത്തുകളല്ല അല്ലാഹുവിൽ നിന്ന് അദ്ദേഹത്തിന് ലഭിച്ചിരുന്നത് എന്നതാണ്! അല്ലാഹുവിന്റെ പേരിൽ എത്ര ഗൗരവമേറിയ ആരോപണമാണ് അദ്ദേഹം നടത്തുന്നത്!

പ്രവാചക തിരുമേനിക്ക് അർഹമായ മുഅ്ജിസത്തുകൾ അല്ലാഹു നൽകിയിരുന്നില്ല എന്ന വാദം ശുദ്ധ കളവാണ്. പടച്ചവൻ ഓരോ പ്രവാചന്മാർക്കും അനുയോജ്യമായ മുഅ്ജിസത്തുകൾ തന്നെയാണ് കൊടുത്തിട്ടുള്ളത്. അന്ധന് കാഴ്ച നൽകുക, പാണ്ഡുരോഗിക്ക് രോഗം സുഖപ്പെടുത്തുക, മരിച്ചവരെ ജീവിപ്പിക്കുക തുടങ്ങിയ അമാനുഷിക ദൃഷ്ടാന്തങ്ങൾ ഈസാ നബിക്ക് ലഭിച്ചവയാണ്. വിശുദ്ധ ഖുർആൻ, ഭക്ഷണ പാനീയങ്ങൾ വർദ്ധിപ്പിക്കൽ, ചന്ദ്രനെ പിളർത്തൽ തുടങ്ങിയ മുഅ്ജിസത്തുകൾ പ്രവാചക ശ്രേഷ്ഠന് നൽകപ്പെട്ടവയാണ്. ഒരു നബിക്കും അവർക്കനുയോജ്യമായ ദിവ്യാത്ഭുത ദൃഷ്ടാന്തങ്ങൾ നൽകപ്പെടാതെ പോയിട്ടില്ല എന്ന് ചുരുക്കം.

ബൂസ്വൂരിയുടെ ഈ കവിതയെ ചിലർ ബുർദ എന്നും ബുർഅ എന്നും പേര് പറയാറുണ്ട്. അതിന്റെ പിന്നിൽ ഒരു കഥയുണ്ട്. അതായത്, ഒരിക്കൽ ബൂസ്വൂരിക്ക് മാരകമായ രോഗം പിടിപെട്ടു, ഒരു ദിവസം ഉറക്കത്തിൽ നബി(സ്വ) സ്വപ്നത്തിൽ പ്രത്യക്ഷപ്പെടുകയും അദ്ദേഹ ത്തിന് ഒരു പുതപ്പ് നൽകുകയും ചെയ്തു. അദ്ദേഹം അത് ധരിച്ചപ്പോൾ അയാളുടെ രോഗം സുഖപ്പെടുകയുണ്ടായി. അതിനാ ലാണ് ഈ കവിത, ബുർദ (പുതപ്പ്) എന്നും ബുർഅ (ശമനം) എന്നും വിളിക്കപ്പെടുന്നത്.

ബുർദയുടെ പ്രസിദ്ധിക്കുവേണ്ടി പറയപ്പെടുന്നതാണ് ഈ കഥയെങ്കിലും കല്ലുവെച്ച നുണയാണിത്. വിശുദ്ധ ഖുർആനിനും പ്രവാചകചര്യക്കും വിരുദ്ധമായ ഈ കഥ അല്ലാഹുവിന്റെ റസൂലിന് അനിഷ്ടകരമായ ഒന്നാണ്. വ്യക്തമായ ശിർക്കാണ് ഇതിലുള്ളത്. ഒരു മനുഷ്യൻ വന്ന് റസൂലിനോട് ചില കാര്യങ്ങൾ ബോധിപ്പിച്ചു കൊണ്ട് പറഞ്ഞു: അല്ലാഹുവും താങ്കളും ഉദ്ദേശിച്ചാൽ. അത് കേട്ട മാത്രയിൽ നബി(സ്വ) പറഞ്ഞു: എന്ത്, നീയെന്നെ അല്ലാഹുവിന് സമമാക്കിയൊ? അല്ലാഹു ഉദ്ദേശിച്ചെങ്കിൽ എന്നു മാത്രമേ നീ പറയാവൂ. (നസാഈ, ഹസനായ ഹദീസ്) ഇതാണ് നബി തിരുമേനി(സ്വ)യുടെ അധ്യാപനം.

ആകയാൽ, സഹോദരങ്ങളെ, ഖുർആനിനും പ്രവാചക സുന്നത്തിനും എതിരായ ഈ ബുർദയും അതുപോലുള്ള ഖുറാഫാത്തുകൾ നിറഞ്ഞ മറ്റു കവിതകളും പാടുന്നതിൽ നിന്ന് നിങ്ങൾ അകന്നു നിൽക്കുക.

മരിച്ച വീടുകളിലും, മയ്യിത്തിനെ അനുഗമിക്കുന്ന വേളകളിലും ഈ ബുർദയാലപിക്കുന്ന ആളുകളെ ചില ഇസ്ലാമിക രാജ്യങ്ങളിൽ പോലും കാണാമെന്നതാണ് അത്ഭുതം! മയ്യിത്ത് ഖബറടക്കാനായി കൊണ്ടുപോകുമ്പോൾ നിശ്ശബ്ദത പാലിക്കണമെന്ന നബിചര്യയെ അവഗണിച്ചു കൊണ്ടാണ് ഈ പുതിയ ബിദ്അത്തിനെ ആളുകൾ സ്വീകരിച്ചു പോരുന്നത്. അല്ലാഹുവിൽ ശരണം.

●